തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ മാറ്റം

102 (3056) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുണ്ടായിരുന്ന ഭാരവാഹികളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇത്തരത്തിലുള്ള ഭരണമാറ്റം വരുന്നതിന് മുമ്പ് ഇവർ ഏത് പാർട്ടിയിലായിരുന്നു ;

(സി) ഇപ്പോൾ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾ ഏതൊക്കെ പാർട്ടികളിലുള്ളവരാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഇതിൽ ഓരോ പാർട്ടികൾക്കും ലഭിച്ച സീറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

വിവിധ കോർപ്പറേഷനുകളോട് ചേർത്ത പഞ്ചായത്തുകളെ വീണ്ടും പഞ്ചായത്തുകളാക്കുന്നതിനുള്ള നിർദ്ദേശം

103 (3057) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ കോർപ്പറേഷനുകളോട് ചേർത്ത പഞ്ചായത്തുകളെ വീണ്ടും പഞ്ചായത്തുകളാക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കോർപ്പറേഷനിൽ നിന്നും വിടുതൽ ചെയ്ത് പഞ്ചായത്തുകളാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ മാറ്റങ്ങൾ വരുത്തുവാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly